ബി. പി. എൽ. കാർഡുടമകൾക്കുള്ള പച്ചരി വിതരണം

81 [364] ശ്രീ. എ. പി. അനിൽകുമാർ :

,, പ്രയാർ ഗോപാലകൃഷ്ണൻ :

,, എം. പി. ഗംഗാധരൻ :

,, ഡി. സുഗതൻ :

,, വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി. പി. എൽ. കാർഡുടമകൾക്ക് വിതരണം ചെയ്യേണ്ട പച്ചരിയുടെ നിർദ്ദിഷ്ട കാട്ട എത്രയാണ്;

(ബി) ഈ കാട്ടയിൽ കൂടുതൽ പച്ചരി റേഷൻ കടകൾക്ക് അലോട്ട് ചെയ്യാറുണ്ടോ;

(സി) ഉണ്ടെങ്കിൽ പരമാവധി എത്ര അളവ് പച്ചരിവരെയാണ് കൂടുതൽ അലോട്ട് ചെയ്യാറുള്ളത്;

(ഡി) ഈ ഇനത്തിൽ കൂടുതൽ അരി ലഭിക്കുന്ന റേഷൻ വ്യാപാരികൾ അവരുടെ കടകളിൽ കൂടുതൽ അരി വിതരണം ചെയ്യാനുണ്ടെന്ന നോട്ടീസ് പതിപ്പിക്കാറുണ്ടോ;

(ഇ) അധികമായി അലോട്ട് ചെയ്യുന്ന അരിയുടെ വില എത്രയാണ്;

(എഫ്) അധികമായി കടക്കാർക്ക് അലോട്ടുചെയ്യുന്ന അരി കാർഡുടമകൾക്ക് കിട്ടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താറുണ്ടോ;

(ജി) എങ്കിൽ അത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പച്ചരി വിതരണത്തിന് പ്രത്യേക തോത് നിശ്ചയിച്ചിട്ടില്ല.

(ബി, സി, ഡി, ഇ, എഫ്, ആന്റ് ജി) എ-യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

റാന്നി താലൂക്കിൽ മാവേലി സ്റ്റോറുകൾ സ്ഥാപിക്കാൻ നടപടി

82 [365] ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റാന്നി താലൂക്കിൽ മാവേലി സ്റ്റോറുകൾ അനുവദിക്കാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇവിടെ മാവേലി സ്റ്റോർ സ്ഥാപിക്കുന്നതിനുള്ള തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടിക്രമങ്ങൾ പൂർത്തിയാക്കി മാവേലി സ്റ്റോറുകൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അങ്ങാടി, ചെറുകോൽ, റാന്നി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ നിലവിലില്ല.

(ബി) വിപണന സാദ്ധ്യതയുള്ള സ്ഥലത്ത് ഗതാഗത സൗകര്യവും ചുരുങ്ങിയത് 350 ചതുരശ്ര അടി വിസ്തീർണ്ണവും ഉള്ള അനുയോജ്യമായ കെട്ടിടം ലഭ്യമല്ലാത്തതുകൊണ്ടാണ് ഇവിടെ മാവേലി സ്റ്റോറുകൾ സ്ഥാപിക്കാൻ കഴിയാത്തത്.

(സി) അനുയോജ്യമായ കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാവേലി സ്റ്റോറുകൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കാവുന്നതാണ്.

ലാഭം മാർക്കറ്റുകളിൽ ഹെൽപ്പർ തസ്തിക

83 [366] ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി ആരംഭിച്ച ലാഭം മാർക്കറ്റുകളിൽ ആവശ്യമായ ഹെൽപ്പർ തസ്തിക അനുവദിച്ചിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ പി. എസ്. സി. യിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുമ്പ് ലാഭം മാർക്കറ്റുകളിൽ ഹെൽപ്പർ തസ്തിക അനുവദിച്ച് നിയമനം നടത്താനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) മാവേലി സ്റ്റോറിലേക്ക് അനുവദിച്ച അതേ സ്റ്റാഫ് പാറ്റേൺ അനുസരിച്ചാണ് പുതുതായി തുടങ്ങിയ ലാഭം മാർക്കറ്റുകളിലും നിയമനം നടത്തി വരുന്നത്.

(ബി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly